## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1153 — 01.07.2015-ൽ മറുപടിയ്ക്ക്

### 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

ചോദ്യം — ശ്രീ.വി.ശിവൻകുട്ടി

മറുപടി — ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ വച്ച് യു . പി . എ അദ്ധ്യക്ഷ സോണിയാഗാന്ധി എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ യു.പി.എ അദ്ധ്യക്ഷ ശ്രീമതി സോണിയാഗാന്ധി 6 പട്ടയങ്ങളാണ് വിതരണം ചെയ്തിരുന്നത്. |
| (ബി) | പ്രസ്തുത പട്ടയങ്ങളിൽ രേഖപ്പെടുത്തിയ ഭൂമി പട്ടയം ലഭിച്ചവർക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ ; | പ്രസ്തുത പട്ടയങ്ങൾ ലഭിച്ചവർക്ക് ഭൂമി കൈമാറിയിട്ടുണ്ട്. എന്നാൽ പോക്കുവരവ് ചെയ്തതിന് ശേഷം എറണാകുളത്തെ പട്ടയത്തിൽപ്പെട്ട ഭൂമിയിൽ പിന്നീട് കോടതി കേസ് വന്നു. |
| (സി) | ഉദ്ഘാടന ചടങ്ങിൽ വച്ച് പട്ടയം ലഭിച്ചവർക്ക് ഭൂമി കണ്ടെത്തി നൽകാനായിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | ഉദ്ഘാടനത്തോടനുബന്ധിച്ച് പട്ടയം നൽകിയവരിൽ ചിലർക്ക് ഭൂമി നൽകാനായിട്ടില്ല എന്നുമുള്ള ഏതാനും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഇതിൽ എത്ര പേർക്ക് പട്ടയം നൽകി ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി ലഭിച്ചിട്ടുണ്ടോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ട പട്ടയ വിതരണം കഴിഞ്ഞതിന് ശേഷമാണ് കാട്ടാക്കട താലൂക്ക് രൂപീകൃതമായിട്ടുള്ളത്. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽപ്പെട്ടിരുന്ന ചില വില്ലേജുകൾ ചേർത്താണ് കാട്ടാക്കട താലൂക്ക് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജുകളുമായി ബന്ധപ്പെട്ട് 3074 അപേക്ഷകൾ ലഭിക്കുകയും 2221 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്തക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നപ്പോൾ പ്രസ്തുത വില്ലേജുകളിൽപ്പെട്ട 370 പേർക്ക് ഒന്നാംഘട്ടത്തിൽ പട്ടയം നൽകിയിരുന്നു. |

| | | |
|---|---|---|
| (ഇ) | ഉദ്ഘാടന ചടങ്ങിൽ വച്ച് വിതരണം ചെയ്ത പട്ടയങ്ങളിൽ കാട്ടാക്കട താലൂക്കിൽ ഉൾപ്പെടുന്ന ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് പട്ടയപ്രകാരമുള്ള ഭൂമി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇവർക്ക് നൽകിയത് വ്യാജപട്ടയമാണെന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് നടന്ന സമയത്ത് കാട്ടാക്കട താലൂക്ക് നിലവിലുണ്ടായിരുന്നില്ല. എന്നാൽ നിലവിൽ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ട് വരുന്നതും മുൻപ് നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളുടെ ഭാഗമായിരുന്നതുമായ വില്ലേജുകളിൽ നിന്ന് തെരഞ്ഞെടുത്തിരുന്ന ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നു. ഇതിൽ നെടുമങ്ങാട് താലൂക്കിലെ വിതുര വില്ലേജിൽ ഭൂമി അനുവദിച്ച കേസുകളിൽ ചട്ടപ്രകാരം ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. പട്ടയം തയ്യാറാക്കിയതിന് ശേഷം, പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കോടതി കേസുകൾ ഉണ്ടായതിനാലാണ് ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ